**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2975** **14-02-2024 - ൽ മറുപടിയ്ക്ക്**

**വാത്സല്യനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി ആരംഭിച്ച വാത്സല്യനിധി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കി വരുന്നു. 01.04.2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br><br>ടി പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് നാല് ഗഡുക്കളായി ആകെ 1,38,000/- രൂപ പെൺകുട്ടികളുടെ പേരിൽ LIC യിൽ നിക്ഷേപിയ്ക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ മേൽ തുകയ്ക്ക് തത്തുല്യമായ ഇൻഷ്വറൻസ് തുകയായി ആകെ 3,00,000/- രൂപ LIC യിൽ നിന്നും പെൺകുട്ടിയ്ക്ക് ലഭ്യമാകുന്നു.<br><br>ടി തുകയ്ക്ക് പുറമേ കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന PMJJBY പോളിസി പ്രകാരം LIC നൽകേണ്ട അപകട ഇൻഷ്വറൻസ് പരിരക്ഷകൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ആകസ്മിക മരണത്തിന് | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം | 2,00,000/- |
| | അപകട മരണം | 4,00,000/- |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,,00,000/- |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- |
| മറ്റ് രക്ഷാകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകട മരണം | 30,000/- |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി LIC |

| | | | |
|---|---|---|---|
| | | | കൊടുക്കുന്നതായിരിക്കും (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും . 8 വയസ്സിന് ശേഷമാണ് ഇൻഷ്വറൻസ് കവറേജ്)<br><br>വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ<br><br>സ്വീകർത്താവ് \| പഠിക്കുന്ന സ്റ്റാൻഡേർഡ് \| തുക<br>പെൺകുട്ടി \| 9,10,11,12 \| 1200/- രൂപ ഓരോ വർഷവും<br>സഹോദരമോ സഹോദരിക്കോ \| 9,10,11,12 \| 1200/- രൂപ ഓരോ വർഷവും<br><br>01/06/2020 ൽ PMJJBY പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ മേൽ പറഞ്ഞവയിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ ലഭിക്കുമെന്ന് പറഞ്ഞിരുന്ന ഇൻഷ്വറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിക്കാൻ നിലവിൽ LIC തയ്യാറല്ല. ഇതോടെ പദ്ധതിയുടെ പ്രധാന ആകർഷണീയത നഷ്ടമായി. മേൽ സാഹചര്യത്തിൽ പദ്ധതി പുനപരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും എത്ര പെൺകുട്ടികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും 31 പെൺകുട്ടികളെയാണ് വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ